# Malayala Manorama

# 14 August 2018

# Kochi: Flood relief



## നഷ്ടപരിഹാരം നൽകണം: കർഷകസംഘം

കൊച്ചി ● കാലവർഷക്കെടുതിയും പ്രളയവും മൂലമുണ്ടായ കൃഷിനാശത്തിനു നഷ്ട പരിഹാരം നൽകണമെന്നു കർഷക സംഘം ആവശ്യപ്പെട്ടു. ഇതിനുമുൻപൊരിക്കലുമില്ലാത്ത കൃഷി നാശമാണ് കോതമംഗലം, കവളങ്ങാട്, പെരുമ്പാവൂർ, കാലടി, ആലുവ, കളമശേരി, നെടുമ്പാശേരി, ആലങ്ങാട്, പറവൂർ, അങ്കമാലി മേഖലകളിലുണ്ടായത്. ജില്ലയിൽ ഓരോ കർഷകനും ഉണ്ടായിട്ടുള്ള കൃഷിനാശത്തിന്റെ വിവരവും തുടർകൃഷിക്ക് ഏതെല്ലാം സൗകര്യങ്ങൾ ഉണ്ടാകണമെന്നും കർഷക സംഘം കണക്ക് എടുക്കും.